# ഐ. സി. എ. ആർ. – കെ. വി. കെ (എറണാകുളം)

# വാർത്താപത്രിക

മലയാളം - ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു

ISSN No. 2321-6220

നം.15 ഒക്ടോബർ 2014 - മാർച്ച് 2015

Agrisearch with a human touch



ബ്രാൻഡിംഗിന് മുന്നോടിയായി പൊക്കാളി മത്സ്യവിപണന മേള: ഉദ്ഘാടനം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്




കേന്ദ്ര കൃഷി മന്ത്രി കെ.വി.കെ യുടെ നീം-ഡി. പെസ്റ്റ് പരിശോധിക്കുന്നു.




സി.എം.എഫ്.ആർ.ഐ- അറ്റിക്/ കെ.വി.കെ വിപണന കേന്ദ്രത്തിൽ നിന്നുള്ള ആദ്യ വിൽപന 2014 നവംബർ 10 ന്

ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)
ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം - 682 505
ഫോൺ : 0484 2492450 ഇ-മെയിൽ : kvkernakulam@cmfri.org.in വെബ്സൈറ്റ് : www.kvkernakulam.org.in


# ഉദ്ദേശലക്ഷ്യങ്ങൾ

ഒരു ജില്ലയ്ക്കിണങ്ങുന്ന കാർഷിക സങ്കേതങ്ങൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുകയും അവ കർഷകരിലേക്ക് എത്തിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് കാർഷിക മേഖലയിലുള്ള അറിവിന്റെയും സാങ്കേതിക വിദ്യകളുടെയും കലവറയായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പൊതുവായ ഉദ്ദേശലക്ഷ്യം. കൃത്യമായ ഉദ്ദേശലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ ജില്ലയിലേക്ക് യോജിച്ചതാണോ എന്നറിയുന്നതിനായുള്ള കർഷക പങ്കാളിത്ത കൃഷിയിട പരീക്ഷണങ്ങൾ നടത്തുക.
- മുൻനിര പ്രദർശനങ്ങളിലൂടെ വിളകളുടെയും കാർഷിക സംരഭങ്ങളുടെയും ഉത്പാദനക്ഷമത തെളിയിക്കുക.
- കർഷകർക്കും കാർഷിക വിജ്ഞാന വ്യാപന മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുക.
- വിജയപ്രദമായ പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ സാമാന്യ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.
- കാർഷിക-മൃഗസംരക്ഷണ-ഫിഷറീസ് മേഖലകളിലേയ്ക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയും ജൈവ/സുരക്ഷിത കൃഷിക്കാവശ്യമായ മറ്റു ഉത്പന്നങ്ങളും കർഷകർക്ക് ലഭ്യമാക്കുക.
- ജില്ലയുടെ കാർഷിക സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ-സർക്കാരിതര-സന്നദ്ധ സംഘടനകളുമായും വകുപ്പുകളുമായും സഹകരിക്കുകയും കാർഷിക സാങ്കേതിക വിദ്യകളുടെ കലവറയായി വർത്തിക്കുകയും ചെയ്യുക.



# ആമുഖം



പൊതുജനങ്ങൾക്ക് പ്രയോജനകരമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക വഴി കൂടുതൽ കർഷക സൗഹൃദ സ്ഥാപനമായി മാറിക്കൊണ്ടിരിക്കുകയാണ് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം. കൊച്ചിയിലെ ഹൈക്കോടതി ജംഗ്ഷനു സമീപം ഗോശ്രീ റോഡിൽ സി.എം.എഫ്.ആർ.ഐ ആസ്ഥാന മന്ദിരത്തിനുള്ളിൽ തന്നെ പ്രവർത്തിക്കുന്ന ATIC/KVK വിപണന കേന്ദ്രം ദിവസേന മുപ്പതിലധികം കർഷകർ വിത്തുകൾക്കും മറ്റു ജൈവ ഉൽപ്പന്നങ്ങൾക്കും വേണ്ടി സന്ദർശിക്കുന്ന ഒരിടമായി ഇതിനോടകം മാറിക്കഴിഞ്ഞിരിക്കുന്നു. സുരക്ഷിത ഭക്ഷണം ഉത്പാദിപ്പിക്കുന്ന കർഷകർക്ക് ശുദ്ധമായ ജൈവ ഉത്പന്നങ്ങൾ നൽകാൻ കഴിയുക വഴി ജില്ലയിലെ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ഈ കേന്ദ്രത്തിനു കഴിഞ്ഞിട്ടുണ്ട്. കെ.വി.കെയുടെ ഉൽപ്പന്നങ്ങൾ ജില്ലയുടെ എല്ലാ ഭാഗത്തുമുള്ള കർഷകരിലേക്ക് നേരിട്ട് എത്തിക്കുന്നതിനായി സഞ്ചരിക്കുന്ന ഒരു വിപണനശാല തുടങ്ങുന്നതിന് കെ.വി.കെയ്ക്ക് പദ്ധതിയുണ്ട്. ഈ പദ്ധതി കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ചാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. അതുപോലെ തന്നെ കർഷകർക്കായുള്ള സാങ്കേതിക ഉപദേശങ്ങൾ മൊബൈൽ സന്ദേശങ്ങൾ വഴി കൈമാറുന്ന പദ്ധതിയും ഉടൻ തുടങ്ങുന്നതാണ്. അധിക കാർഷിക ഉത്പാദനത്തിന് ഏറ്റവും പ്രധാനപ്പെട്ട കാര്യം ഗുണമേന്മയുള്ള വിത്തുകളാണെന്നത് തർക്കമില്ലാത്ത കാര്യമാണ്. നല്ല വിത്തുകൾ കാര്യക്ഷമമായി ഉത്പാദിപ്പിക്കുന്നതിന് കർഷക പങ്കാളിത്തമുള്ള 'ഉപഗ്രഹ വിത്തുൽപാദന കേന്ദ്രങ്ങൾ' ജില്ലയുടെ വിവിധ ഭാഗങ്ങളിലായി കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കുമ്പളങ്ങിയിലെ കരിമീൻ വിത്തുല്പാദനകേന്ദ്രം, പള്ളുരുത്തിയിലെ പച്ചക്കറിത്തൈ ഉത്പാദനകേന്ദ്രം കളമശ്ശേരിയിലെ മുയൽ കുഞ്ഞുത്പാദനകേന്ദ്രം എന്നിവ ഉദാഹരണങ്ങളാണ്. പൊക്കാളി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി കാലാവസ്ഥാതിജീവന കൃഷി രീതികളുടെ ദേശീയ സംരഭത്തിന്റെ (NICRA) സാമ്പത്തിക സഹായത്തോടെ കഴിഞ്ഞ മൂന്നു വർഷങ്ങളായി എറണാകുളത്തും പരിസര പ്രദേശങ്ങളിലുമുള്ള പൊക്കാളി പാടങ്ങളിൽ നടത്തി വന്ന നെൽ-ചെമ്മീൻ കൂടു മത്സ്യ സംയോജിത കൃഷി രീതി കർഷകരുടെ ഇടയിൽ പ്രചുര പ്രചാരം നേടിക്കഴിഞ്ഞിരിക്കുന്നു. ഇതിന് തുടർച്ചയായി നെല്ലും മീനും ചെമ്മീനും ഉൾപ്പെടെയുള്ള പൊക്കാളി ജൈവ വിഭവങ്ങൾക്ക് ബ്രാൻഡ് നൽകി വിപണനം നടത്തുന്നതിനായുള്ള ശ്രമങ്ങൾ കെ.വി.കെ യുടെ ഭാഗത്തു നിന്നും നടന്നു വരികയാണ്. സാങ്കേതിക വിദ്യയിൽ മാത്രം അധിഷ്ഠിതമായ കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ നിന്നും വിപണി അധിഷ്ഠിത വിജ്ഞാന വ്യാപനത്തിലേക്കുകൂടിയുള്ള കെ.വി.കെ യുടെ മാറ്റം കൂടിയാണിത്. യുവാക്കളെ കൃഷിയിലേക്ക് ആകർഷിച്ചു നിർത്തുക എന്നതിനാണ് ഈ വർഷം കെ.വി.കെ പ്രാധാന്യം നൽകുന്നത്. വരും തലമുറകളെ കൃഷിയിലേക്ക് ആകർഷിക്കുകയും കൃഷി ഒരു ഉപജീവന മാർഗ്ഗമാണെന്ന് തെളിയിക്കുകയും ചെയ്യുന്നതിലൂടെ നമ്മുടെ ഗ്രാമീണ മേഖലയിൽ നിന്നുള്ള യുവാക്കളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് ഇത് ഉപകരിക്കും.

കെ.വി.കെ യുടെ മേൽപ്പറഞ്ഞ കർഷക സൗഹൃദ പരിപാടികൾ ജനങ്ങളിലേക്കും ജനപ്രതിനിധികളിലേക്കും ഉദ്യോഗസ്ഥരിലേക്കും മറ്റും എത്തിക്കുക വഴി ഭാവിയിൽ ജില്ലയുടെ കാർഷിക അഭിവൃദ്ധിക്കായി കൂട്ടായ പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കാൻ ഈ വാർത്താ പത്രിക സഹായകരമാകുമെന്ന് വിശ്വസിക്കുന്നു.

(എ. ഗോപാലകൃഷ്ണൻ)
ഡയറക്ടർ

**പ്രസാധകൻ**
ഡോ. എ. ഗോപാലകൃഷ്ണൻ
ഡയറക്ടർ
ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
എറണാകുളം നോർത്ത് പി.ഒ., പി.ബി. നം. 1603, കൊച്ചി 682 018

**തയ്യാറാക്കിയത്**
ഡോ. ഷിനോജ് സുബ്രമണ്യൻ
ഡോ. കെ. സ്മിത ശിവദാസൻ
എഫ്. പുഷ്പരാജ് ആഞ്ചലോ
പി. ശ്രീലത
റിൻസി കെ.ആർ.
ഐ.സി.എ.ആർ - കെ.വി.കെ. എറണാകുളം

ആശംസകളോടെ...

ഡയറക്ടർ
ഐ.സി.എ.ആർ - സി.എം.എഫ്.ആർ.എ

പ്രോഗ്രാം കോ-ഓർഡിനേറ്റർ/
സീനിയർ സയിന്റിസ്റ്റ്
ഐ.സി.എ.ആർ - കെ.വി.കെ എറണാകുളം

# കെ.വി.കെ യുടെ ഉപഗ്രഹ കരിമീൻ വിത്തുൽപാദന കേന്ദ്രം പ്രവർത്തനമാരംഭിച്ചു

കരിമീൻ കുഞ്ഞുങ്ങൾക്കായുള്ള കർഷകരുടെ ആവശ്യം കണക്കിലെടുത്ത് എറണാകുളത്തിനടുത്ത് കുമ്പളങ്ങിയിലെ ശ്രീ. ഷിബു കോച്ചേരിയുടെ കൃഷിയിടത്തിൽ ഉപഗ്രഹ കരിമീൻ വിത്തുൽപാദന കേന്ദ്രം ആരംഭിച്ചു. ഗുണമേന്മയുള്ള തള്ളമീനുകളെ കെ.വി.കെ യിൽ നിന്നും കൊടുക്കുകയും ശാസ്ത്രീയ വിത്തുല്പാദന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുകയും സമയാസമയങ്ങളിൽ സാങ്കേതിക പിന്തുണ ഉറപ്പു വരുത്തുകയും ചെയ്തതിലൂടെ ഒരു മാതൃകാ കരിമീൻ വിത്തുൽപാദന കേന്ദ്രമായി ഇതു വികസിപ്പിച്ചെടുക്കാൻ സാധിച്ചു. ഇവിടെ നിന്നും ശുദ്ധജലത്തിലും ഓരുജലത്തിലും കുഞ്ഞുങ്ങളെ പാക്ക് ചെയ്ത് കൊടുക്കാറുണ്ട്. കുമ്പളങ്ങി ഉപഗ്രഹ വിത്തുൽപാദന കേന്ദ്രത്തിൽ നിന്നുമുള്ള ആദ്യ വിൽപന 2015 ജനുവരി 19–ാം തീയതി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സൂസൻ ജോസഫ് ഉദ്ഘാടനം ചെയ്യുകയുണ്ടായി വർഷംതോറും 35000 ത്തോളം കരിമീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഈ കേന്ദ്രത്തിന്റെ നമ്പർ 9496090363



കെ.വി.കെയുടെ ഉപഗ്രഹ കരിമീൻ വിത്തുൽപാദന കേന്ദ്രത്തിൽ നിന്നുള്ള ആദ്യ വിൽപന : ഉദ്ഘാടനം കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

# മരച്ചീനി സംസ്കരണത്തിൽ സംരഭകത്വ വികസന പരിപാടിയ്ക്ക് തുടക്കം

2014 നവംബർ 5–ാം തീയതി എറണാകുളം ജില്ലയിലെ വെങ്ങോലയിൽ മരിച്ചീനി സംസ്കരണത്തിൽ സംരഭകത്വ വികസന പരിപാടിക്ക് തുടക്കമായി. കർഷകർ, കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ എന്നിവരുൾപ്പെടെ നൂറിലധികം ആളുകൾ പങ്കെടുത്ത ഈ പരിപാടിയിൽ ക്ലാസ്സുകൾ നയിച്ചത് തിരുവന്തപുരത്തെ കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശാസ്ത്രജ്ഞൻ ഡോ.എം.എസ്. സജീവ് ആണ്. മരിച്ചീനിയിൽ നിന്നും ന്യൂഡിൽസ്, പാസ്ത തുടങ്ങിയവയുൾപ്പെടെയുള്ള വിവിധയിനം മൂല്യ വർദ്ധിത ഭക്ഷ്യോൽപാദനങ്ങളും സ്റ്റാർച്ചും ഉത്പാദിപ്പിക്കുന്നതിനായുള്ള സാങ്കേതിക വിദ്യകൾ പരിപാടിയിൽ വിവരിക്കുകയുണ്ടായി. മരിച്ചീനി സംസ്കരണത്തിനായി ഒരു ചെറുകിട യൂണിറ്റ് തുടങ്ങാൻ ആവശ്യമായ മുതൽ മുടക്ക് ആഞ്ചുലക്ഷം രൂപയോളം വരും. വെങ്ങോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.എം. അവറാൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വിവിധ മരിച്ചീനി ഉത്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. ഈ പരിപാടിയെ തുടർന്ന് താത്പര്യം പ്രകടിപ്പിച്ചവർക്ക് കെ.വി.കെ തുടർ സാങ്കതിക സഹായം നൽകി വരുന്നു.



മരച്ചീനി സംസ്കരണത്തിൽ സംരഭകത്വ വികസന പരിപാടി എറണാകുളത്തിനടുത്ത് വെങ്ങോലയിൽ : ക്ലാസെടുക്കുന്നത് ഡോ. എം. എസ്. സജീവ്



യുവാക്കൾക്കായുള്ള മത്സ്യകൃഷി സംരഭകത്വ വികസന പരിപാടിയിൽ പങ്കെടുത്തവർ സംഘാടകർക്കൊപ്പം

# മത്സ്യ കൃഷിയിൽ യുവാക്കൾക്കായി സംരംഭകത്വ വികസന പരിപാടി നടത്തി

കാലാവസ്ഥാതിജീവന മത്സ്യ കൃഷിരീതികളെ കുറിച്ച് യുവാക്കൾക്കായി 4 ദിവസത്തെ സംരഭകത്വ വികസന പരിപാടി 2015 മാർച്ച് 6 മുതൽ 10 വരെ സി.എം.എഫ്.ആർ.ഐ യിൽ വച്ച് നടത്തുകയുണ്ടായി. കാലാവസ്ഥാതിജീവന കൃഷി രീതികളുടെ ദേശീയ സംരഭ (NICRA) ത്തിന്റെ സാമ്പത്തിക സഹായത്തോടെ നടത്തിയ ഈ പരിപാടിയിൽ പതിനഞ്ചോളം യുവതീ യുവാക്കളാണ് പങ്കെടുത്തത്. NICRA പ്രൊജക്ടിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ.പി.യു. സഖറിയ പരിപാടി ഉദ്ഘാടനം ചെയ്തു. മത്സ്യ ഗവേഷണ രംഗത്തെ ശാസ്ത്രജ്ഞർ, മത്സ്യ കൃഷി നടത്തി വിജയം കൊയ്ത കർഷകർ, ഈ മേഖലയിലെ സംരംഭകർ എന്നിവരുമായി വിവിധ വിഷയങ്ങളിൽ സംവദിക്കാൻ പരിശീലനാർത്ഥികൾക്ക് സാധിച്ചു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഇൻ ചാർജ് ഡോ.കെ. സുനിൽ മുഹമ്മദുമായുള്ള മുഖാമുഖത്തോടുകൂടിയാണ് പരിപാടി അവസാനിച്ചത്. മത്സ്യ കൃഷി മേഖലയിൽ വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ ഇവർക്കായി കെ.വി.കെ യിൽ നിന്നും തുടർന്നും നൽകി വരുന്നു. ഇതിനു പുറമെ ബാങ്ക് വായ്പകൾ ലഭിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ, വിപണി കണ്ടെത്തുന്നതിനായുള്ള സാങ്കേതിക സഹായങ്ങൾ എന്നിവ കെ.വി.കെ യിൽ നിന്നും നൽകി വരുന്നു.

## വിത്തുകളുടെ രജിസ്ട്രേഷന് കെ.വി.കെയിൽ സഹായകേന്ദ്രം തുടങ്ങി

കർഷകർക്കും കർഷക സമൂഹങ്ങൾക്കും ആദിവാസി-ഗോത്ര വിഭാഗങ്ങൾക്കും അവർ തലമുറകളായി സംരക്ഷിച്ചു വരുന്ന വിത്തിനങ്ങൾ രജിസ്ട്രേഷൻ ചെയ്യാൻ സഹായിക്കുന്ന കേന്ദ്രം കെ.വി.കെ യിൽ പ്രവർത്തനമാരംഭിച്ചു. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സസ്യ ഇനങ്ങളുടേയും കർഷക അവകാശങ്ങളുടെയും സംരക്ഷണ അതോറിറ്റിയിലാണ് കെ.വി.കെ വഴി വിത്തുകൾ രജിസ്റ്റർ ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 9400257798 എന്ന നമ്പറിൽ ബന്ധപ്പെടുക.




ഭിന്നശേഷിയുള്ളവർക്കായുള്ള പരിശീലന പരിപാടി കൊച്ചി കോർപറേഷൻ കൗൺസിലർ ശ്രീ. ശ്രീജിത്ത് ഉദ്ഘാടനം ചെയ്യുന്നു


ശാസ്ത്രീയ പച്ചക്കറി തൈ ഉത്പാദനം: പരിശീലന പരിപാടി



# പച്ചക്കറി തൈ ഉത്പാദനം: ഭിന്നശേഷിയുള്ള യുവാക്കൾക്ക് പരിശീലനം നൽകി

കെ.വി.കെ യുടെ കർഷക വയൽ വിദ്യാലയം പരിപാടിയുടെ ഭാഗമായി ശാസ്ത്രീയ പച്ചക്കറി തൈ ഉത്പാദനത്തിൽ പള്ളുരുത്തി കൊത്തലാംഗോ ഹൗസിലെ ഭിന്നശേഷിയുള്ള യുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി. നടീൽ മിശ്രിതം തയ്യാറാക്കുന്നതു മുതൽ തൈകൾ പറിച്ചുനടുന്നതു വരെ രണ്ടു മാസം നീണ്ടുനിൽക്കുന്ന വിവിധ ഘട്ടങ്ങളിലെ പരിപാലനമുറകൾ കെ.വി.കെ ശാസ്ത്രജ്ഞർ പരിപാടിയിൽ പരിശീലിപ്പിക്കുകയുണ്ടായി. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും കൊത്തലംഗോയ്ക്ക് അനുവദിച്ച ഹരിത ഗൃഹമാണ് ഈ പരിപാടിക്ക് പ്രയോജനപ്പെടുത്തിയത്. തക്കാളി, വഴുതന, പച്ചമുളക്, കാപ്സിക്കം, കാബേജ്, കാളിഫ്ളവർ, വെണ്ട, പയർ എന്നിവയുടെ ഇരുപത്തയ്യായിരത്തോളം തൈകൾ ഈ പരിപാടിയുടെ ഭാഗമായി ഉത്പാദിപ്പിക്കുകയും സി.എം.എഫ്.ആർ.ഐ വിപണന കേന്ദ്രത്തിൽ നടത്തിയ വിപണന മേളയിൽ വിറ്റഴിക്കുകയും ചെയ്തു. ഇതു വഴി വിപണന സാദ്ധ്യതകളെക്കുറിച്ചുകൂടി പരിശീലനാർത്ഥികൾക്ക് പഠിയ്ക്കാനായി. ഈ പരിപാടിയുടെ ചുവടുപിടിച്ച് ജില്ലയിലെ ഒഴിഞ്ഞു കിടക്കുന്ന ഹരിത ഗൃഹങ്ങളിൽ ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്താനാണ് കെ.വി.കെ ലക്ഷ്യമിടുന്നത്.

# കരിങ്കോഴി (കടക്നാഥ്) വിപണനമേള സംഘടിപ്പിച്ചു

ശുദ്ധ ജനുസ്സിൽപ്പെട്ട കരിങ്കോഴി (കടക്നാഥ്) കുഞ്ഞുങ്ങളുടെ വിപണനമേള 2014 ഡിസംബർ 31 ന് കൊച്ചിയിലെ സി.എം.എഫ്.ആർ.ഐയിൽ വച്ച് നടത്തുകയുണ്ടായി. കെ.വി.കെയുടെ ഉപഗ്രഹ ഹാച്ചറി യൂണിറ്റുകളിൽ വളർത്തിയെടുത്ത 60 ദിവസം പ്രായമായ കുഞ്ഞുങ്ങളെയാണ് കർഷകർക്ക് വിതരണം ചെയ്തത്. മുബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേന്ദ്ര പൗൾട്രി വികസന ഏജൻസിയിൽ നിന്നാണ് ഇതിലേക്കായി ഗുണമേന്മയുള്ള മുട്ടകൾ കൊണ്ടുവന്നത്.


വിൽപനയ്ക്ക് തയ്യാറായ കടക്നാഥ് കോഴിക്കുഞ്ഞുങ്ങൾ

# ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി കെ.വി.കെ ഉത്പന്നങ്ങളുടെ പ്രദർശനം സന്ദർശിച്ചു

ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി ശ്രീ. രാധാമോഹൻ സിംഗ്, 2014 നവംബർ 6ന് കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ കെ.വി.കെ ഉത്പന്നങ്ങളുടെ പ്രദർശനം സന്ദർശിക്കുകയുണ്ടായി. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ, അദ്ദേഹത്തെ അനുഗമിച്ചു. ജൈവ/സുരക്ഷിത കൃഷിക്കായുള്ള വിവിധ ഉത്പന്നങ്ങളാണ് കെ.വി.കെ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നത്.



ജൈവ/സുരക്ഷിത കൃഷിയ്ക്കായുള്ള കെ.വി.കെ ഉത്പന്നങ്ങൾ

# ശുചിത്വ ഭാരതം പരിപാടിക്ക് കെ.വി.കെ യിൽ തുടക്കം

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശുചിത്വ ഭാരതം പരിപാടി (സ്വച്ഛ് ഭാരത് അഭിയാൻ) 2014 ഒക്ടോബർ 2ന് ഗാന്ധി ജയന്തി ദിനത്തിൽ കെ.വി.കെ യിൽ തുടക്കമായി. കെ.വി.കെ സ്റ്റാഫ് അംഗങ്ങളുടെ ശുചിത്വ പ്രതിജ്ഞ യോടുകൂടി ആരംഭിച്ച പരിപാടിയിൽ ഓഫീസും പരിസര പ്രദേശങ്ങളും വൃത്തിയാക്കുന്നതോടൊപ്പം കെ.വി.കെയിലെ കായലോരത്തുള്ള കണ്ടൽ കാടുകൾക്കുള്ളിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും നീക്കം ചെയ്യുകയുണ്ടായി. നമ്മളോടൊപ്പം സഹജീവികളുടെയും ആവാസവ്യവസ്ഥ ശുചിയായി സൂക്ഷിക്കുക എന്ന സന്ദേശമാണ് കെ.വി.കെ ഇതിലൂടെ നൽകിയത്. ഈ ചരിത്ര ദിനത്തിൽ കെ.വി.കെ കർഷക പങ്കാളികളോടും സഹപ്രവർത്തകരോടും പൊതു ജനങ്ങളോടും ശുചിത്വപൂർണ്ണമായ ഭാരതം കെട്ടിപ്പടുക്കുന്ന തിനായി ആഹ്വാനം ചെയ്യുകയുണ്ടായി.


കണ്ടൽ ആവാസ വ്യവസ്ഥയിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചിത്വ ഭാരതം പരിപാടിയ്ക്ക് കെ.വി.കെയിൽ തുടക്കം





കെ.വി.കെ ശാസ്ത്ര ഉപദേശക സമിതി യോഗത്തിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ യോഗ തീരുമാനങ്ങൾ വിശദീകരിക്കുന്നു

# കെ.വി.കെ ശാസ്ത്ര ഉപദേശക സമിതി യോഗം സി.എം.എഫ്.ആർ.ഐയിൽ നടന്നു

2014-15 വർഷത്തെ കെ.വി.കെ യുടെ ശാസ്ത്ര ഉപദേശക സമിതി യോഗം കൊച്ചിയിലെ സി.എം.എഫ്.ആർ.ഐ യിൽ 2015 ഫെബ്രുവരി 10-ാം തീയതി നടന്നു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.വി.കെകളുടെ ദക്ഷിണ മേഖലാ മേധാവി ഡോ. ശ്രീനാഥ് ദീക്ഷിത്, കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. പി.വി. ബാലചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു. പുത്തൻ സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുന്നതിനായി കെ.വി.കെ യിൽ ഒരു മൊബൈൽ സന്ദേശ സൗകര്യം ഏർപ്പെടുത്തുന്നതിനായി തീരുമാനിച്ചു. കെ.വി.കെ നിർമ്മിച്ചു വിതരണം ചെയ്യുന്ന വിവിധ ഉത്പന്നങ്ങൾ ജില്ലയുടെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കുന്നതിനായി ഒരു സഞ്ചരിക്കുന്ന വിപണനശാല തുടങ്ങുവാൻ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതോടൊപ്പം സി.എം.എഫ്.ആർ.ഐ യിൽ പ്രവർത്തിക്കുന്ന വിപണന കേന്ദ്രം വികസിപ്പിച്ച് റോഡരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും സി.എം.എഫ്.ആർ.ഐ യിൽ കർഷകർക്കായി ഒരു മണ്ണു പരിശോധന ലാബ് തുടങ്ങുന്നതിനായും തീരുമാനിക്കുകയുണ്ടായി. പുത്തൻ കാർഷിക സാങ്കേതിക വിദ്യകളിലൂടെയുള്ള ഗ്രാമവികസനം പ്രദർശിപ്പിക്കുന്നതിനായി ജില്ലയുടെ തീരദേശത്തുള്ള ഒരു ഗ്രാമത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചു. ജില്ലയിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന ഹരിതഗൃഹങ്ങൾ പച്ചക്കറി തൈ ഉത്പാദനത്തിനായി ഉപയോഗിക്കാനുള്ള സാങ്കേതിക സഹായങ്ങൾ കെ.വി.കെ യിൽ നിന്ന് നൽകാൻ തീരുമാനമായി. യുവാക്കളേയും സ്കൂൾ-കോളേജ് വിദ്യാർത്ഥികളേയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾ കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്. ഞാറക്കലിലുള്ള സ്ഥലത്തുനിന്നും കെ.വി.കെ കൂടുതൽ ഗതാഗത സൗകര്യങ്ങളുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനും യോഗത്തിൽ തീരുമാനമായി.

# ചെറുതേനീച്ച വളർത്തലിൽ സംരഭകത്വ വികസന പരിപാടി

കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ ചെറുതേനീച്ചവളർത്തലിൽ യുവാക്കൾക്കായി സംരംഭകത്വ വികസന പരിപാടി നടത്തുകയുണ്ടായി. 2014 ഒക്ടോബർ 24 ന് ആരംഭിച്ച പരിപാടിയിൽ ചെറു തേനീച്ച കൂടുകളും കോളനികളും മിതമായ നിരക്കിൽ പരിശീലനാർത്ഥികൾക്ക് കൊടുക്കുകയുണ്ടായി. ചെറു തേനീച്ച വളർത്തൽ ലാഭകരവും എളുപ്പവും സുരക്ഷിതവുമായ ഒരു കൃഷി രീതിയാണ്. അതു കൊണ്ടു തന്നെ വനിതകൾക്കും കുട്ടികൾക്കും അധിക വരുമാനത്തിന് ഒരു മാർഗ്ഗം കൂടിയാണ് ചെറു തേനീച്ച വളർത്തൽ. ചെറു തേനീച്ചയുടെ തേനിന് ലിറ്ററിന് 1500 രൂപ മുതൽ 2000 രൂപ വരെ വിലയുണ്ട്. തേനിനായും കൂടുകൾക്കായുമുള്ള ഒരു കേന്ദ്രീയ വിപണിയും കൂടി ഈ പരിപാടിയോടനുബന്ധിച്ച് നടത്തുവാൻ കെ.വി.കെ പദ്ധതിയിടുന്നുണ്ട്.



THE TIMES OF INDIA, KOCHI
FRIDAY, OCTOBER 31, 2014

## It's money-making stingless bees

### New CMFRI Programme Promotes Meliponiculture

Times News Network

**Kochi:** The Krishi Vigyan Kendra at Central Marine Fisheries Research Institute (CMFRI) has come up with an innovative programme to encourage meliponiculture or rearing stingless bees on a commercial scale.

The aim is to attract youth and women into meliponiculture as unlike apiculture (breeding of sting bees) this is not dangerous.

"Honey from stingless bees has medicinal value and is an essential ingredient in ayurvedic medicine," said Shinoj Subramanian, programme coordinator, Krishi Vigyan Kendra.

About 100 persons have already registered for the training programme which will include honey processing, packing, test marketing, establishing marketing channels and applying for small-scale industry food safety licences, etc. Stingless honey bee breeding and hive splitting are also on the agenda, he said. "Stingless honey costs Rs 1,500 to 2,000 per kg. We train people to catch bees which are found not just in rural areas but also in urban areas. Since there is no queen bee, the hives can be split and made into two. One does not need much space or investment to start the business," says Sajan Jose, professor of zoology, St Joseph's College, Moolamattom, Idukki.

Jose who has about [illegible] hives is also one of the [illegible] farmers involved in meliponiculture. He extracts about [illegible]kg of honey from his hives. "But this is just not enough. We have a problem of marketing and, hence, most of us find it difficult to sell," he explained.

According to the honey producers, a hive on an average produces up to 1 kg of honey a year. A single hive can be split into three in a year. "Centralized marketing of quality split hives is also on the anvil. Stingless bees are safe and easy to rear. They are efficient in pollination and, hence, meliponiculture is a promising enterprise which can be taken up with homestead farming and high-tech farming in poly houses," says Shinoj.

According to Jose, stingless bees can be found on roofs, walls and garages in urban areas. "People can identify and collect colonies of bees and transfer them into pots, PVC pipes, bamboo shoots, etc. All you need is about a minimum of space of one cent to put up 10 hives," Jose added.

**According to honey producers, a hive on an average produces up to 1 kg of honey a year. A single hive can be split into three in a year**

**SAFE AND EASY TO REAR:** Stingless bees can be found on roofs, walls and garages in urban areas. They are efficient in pollination



ഞവര കൊയ്ത്തുൽസവം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിൽവി ജോസ് ഉദ്ഘാടനം ചെയ്യുന്നു

# കെ.വി.കെ ഞവര നെൽകൃഷി പ്രചരിപ്പിക്കുന്നു

2014-15 വർഷത്തെ മുൻനിര പ്രദർശന പരിപാടിയുടെ ഭാഗമായി കെ.വി.കെ എറണാകുളത്തിനടുത്ത് മഞ്ഞപ്ര, കരിങ്ങിലിക്കാട് എന്നിവിടങ്ങളിൽ ഞവര നെല്ലിന്റെ പ്രദർശന കൃഷി നടത്തുകയുണ്ടായി. ആയുർവേദ ചികിൽസാ രീതികളിൽ ഉപയോഗിക്കുന്ന ഔഷധ ഗുണമുള്ള നെല്ലിനമാണ് ഞവര. ഞവര നെല്ലിന് ലഭിക്കുന്ന അധിക വില കർഷകരെ നെൽ കൃഷിയിലേക്ക് ആകർഷിക്കും എന്ന പ്രതീക്ഷയിലാണ് പരിപാടി നടത്തിയത്. വിളവെടുപ്പുത്സവത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിൽവി ജോസ് 2015 ഫെബ്രുവരി 5 ന് നിർവഹിക്കുകയുണ്ടായി.

## കെ.വി.കെ. കരിമീൻ തീറ്റ വിപണിയിലിറക്കി

കെ.വി.കെ. കരിമീനുകൾക്കായുള്ള പ്രത്യേക തീറ്റ പേൾപ്ലസ് വിപണിയിലിറക്കി. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം കാലാവസ്ഥാതിജീവന കൃഷി രീതികളുടെ ദേശീയ സംരംഭത്തിന്റെ (NICRA) ഭാഗമായി വികസിപ്പിച്ചെടുത്ത ഈ തീറ്റ 47% പ്രോട്ടീനും 6% കൊഴുപ്പും മറ്റു വിറ്റാമിനുകൾ മിനറലുകൾ എന്നിവയും അടങ്ങിയിട്ടുള്ള സമ്പൂർണ്ണ തീറ്റയാണ്. PS1 (250 $\mu$m), PS2 (500 $\mu$m), PS3 (1000 $\mu$m) PS4 (1.4 mm), PS5 (2 mm) എന്നീ ഗ്രേഡുകളിലാണ് പേൾ പ്ലസ് ലഭ്യമായിട്ടുള്ളത്. PS1 ഉം PS2 ഉം 1 cm മുതൽ 2 cm വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്കും PS3, PS4, എന്നിവ 2.5cm മുതൽ 8 cm വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്കും അതുപോലെ PS5 വിരൽ വലുപ്പമെത്തിയ (10 cm) കുഞ്ഞുങ്ങൾക്കുമാണ് അനുയോജ്യമായിട്ടുള്ളത്. ഒരു കിലോ, അഞ്ചു കിലോ പാക്കറ്റുകളിൽ പേൾ പ്ലസ് തീറ്റ സി.എം.എഫ്.ആർ.ഐ.യിലെ ATIC/ KVK വിപണന കേന്ദ്രത്തിൽ ലഭ്യമാണ്.



# പൊക്കാളി പാടങ്ങളിൽ കെ.വി.കെ.യുടെ പ്രദർശന കൃഷി

കാലാവസ്ഥാതിജീവന കൃഷിരീതികളുടെ ദേശീയ സംരംഭത്തിന്റെ (NICRA) സാമ്പത്തിക സഹായത്തോടു കൂടി 2014–15 വർഷത്തിൽ കെ.വി.കെ. എറണാകുളത്തും പരിസര പ്രദേശങ്ങളിലുമായി ഏഴ് പൊക്കാളി പാടങ്ങളിൽ നെല്ല് – ചെമ്മീൻ – കൂടുമത്സ്യ സംയോജിത കൃഷി പ്രദർശനം നടത്തുകയുണ്ടായി. കടമക്കുടി, പിഴല, നായരമ്പലം എന്നിവിടങ്ങളിൽ നടത്തിയ ഈ പ്രദർശനകൃഷിയുടെ ഉദ്ദേശം പൊക്കാളി പാടങ്ങളിൽ നിന്ന് അധിക വരുമാനം ഉണ്ടാക്കാമെന്നത് കർഷകർക്ക് മുമ്പിൽ പ്രദർശിപ്പിക്കുക എന്നുള്ളതായിരുന്നു.

ഈ വർഷത്തെ പ്രദർശന പരിപാടികളിൽ മേൽപറഞ്ഞ പ്രദർശനകൃഷിയോടൊപ്പം പൊക്കാളി ഉത്പന്നങ്ങളായ ശുദ്ധമായ കരിമീൻ, തിരുത, ചെമ്മീൻ, പൊക്കാളി അരി എന്നിവയ്ക്ക് പ്രത്യേക ബ്രാൻഡ് നൽകി വിപണിയിൽ എത്തിക്കുക വഴി കർഷകർക്ക് വിപണന സാദ്ധ്യതകൾ തുറന്നിടുക എന്ന ഉദ്ദേശം കൂടി കെ.വി.കെ.ക്ക് ഉണ്ട്. കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിലൂടെ ഈ പരമ്പരാഗത കൃഷിരീതിക്ക് സുസ്ഥിരത ഉറപ്പുവരുത്തുക എന്നുള്ളതാണ് കെ.വി.കെ. ലക്ഷ്യമിടുന്നത്.

## പൊക്കാളി പ്രദർശനകൃഷി: കർഷക പങ്കാളികൾ

| | | |
|---|---|---|
| ശ്രീ. പുഷ്പാംഗതൻ കെ.എ | കടമക്കുടി | 8547305812 |
| ശ്രീ. മുരളി പി. ആർ | കടമക്കുടി | 9496975998 |
| ശ്രീ. വിൻസെന്റ് വി.എ | കടമക്കുടി | 9847559999 |
| ശ്രീ. വിനോദ് കുമാർ ഡി.വി | കടമക്കുടി | 9895255781 |
| ശ്രീ. ശ്യാം സുന്ദർ | നായരമ്പലം | 9349249558 |
| ശ്രീ. കെ. കെ. രാമകൃഷ്ണൻ | പിഴല | 04842430638 |
| ശ്രീ. എ.ആർ. സൈഗാൾ | എഴിക്കര | 9846823043 |



പൊക്കാളി പാടത്തെ സംയോജിത മത്സ്യകൃഷി ആദായകരം: ശ്രീ. മുരളി, പൊക്കാളി കർഷകൻ, കടമക്കുടി

# കെ.വി.കെ. ഉത്പന്നങ്ങളുടെ മുൻനിര പ്രദർശനം നടത്തി



കൃഷിയിടങ്ങളിൽ ഉപയോഗരീതി പ്രദർശിപ്പിച്ച കെ.വി.കെ ഉൽപന്നങ്ങൾ

സംസ്ഥാന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടത്തിയ ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി വിവിധ കെ.വി.കെ. ഉത്പന്നങ്ങൾ 20 ഓളം കർഷക രുടെ കൃഷിയിടങ്ങളിൽ പ്രദർശിപ്പിക്കുകയുണ്ടായി. പഞ്ചഗവ്യം, ഫിറമോൺ കെണി, പഴക്കെണി, നീം-ഡി-പെസ്റ്റ് എന്നീ ഉത്പന്നങ്ങൾ എടക്കാട്ടുവയൽ, പാമ്പാക്കുട എന്നിവിടങ്ങളിലാണ് പ്രദർശിപ്പിച്ചത്. ഈ പ്രദർശ നങ്ങളിൽ പാവൽ, പടവലം എന്നിവയിൽ 20, 30, 40 ദിവസങ്ങളിൽ പഞ്ചഗവ്യം തളിച്ച് കൊടുക്കുന്നത് കൂടുതൽ പെൺപൂവുകൾ ഉണ്ടാക്കുന്നതായി കർഷകർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. അതുപോലെ നീം -ഡി-പെസ്റ്റ് വിളകളിൽ തളിച്ചു കൊടുക്കുന്നത് വെള്ളീച്ചകൾ, ആഫിസ്ഡ്, ചിത്രകീടങ്ങൾ എന്നിവയെ തടയുന്നതായും കർഷകർക്ക് മനസ്സിലാക്കാൻ കഴി ഞ്ഞു. ഫിറമോൺ ട്രാപ്പുകളും പഴകെണികളും പഴ ഈച്ചകളെ പ്രതിരോധിക്കാൻ ഉത്തമമാണ്. 20% മുതൽ 25% വരെ ഉണ്ടായിരുന്ന കീടബാധ 7% മുതൽ 10% വരെ യാക്കി കുറക്കാൻ മേൽപറഞ്ഞ ജൈവരീതികളിലൂടെ സാധിച്ചു.

# കൃത്യതാ കൃഷിയിലൂടെ അധിക ഉൽപാദനം

കെ.വി.കെ.യുടെ മുൻനിര പ്രദർശന പരിപാടികളുടെ ഭാഗമായി കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ പാവൽ കൃഷിയിൽ കൃത്യതാ കൃഷി രീതി പ്രദർശിപ്പിക്കുകയുണ്ടായി. പോഷക സമ്പുഷ്ടമാണ് പാവക്കയെങ്കിലും ഈ വിള കീടരോഗബാധ കൂടുത ലാണ് എന്ന കാരണത്താൽ ധാരാളം രാസകീടനാശിനി പ്രയോഗത്തിന് വിധേയമാകാറുണ്ട്. അതു കൊണ്ടു തന്നെ മേൽപറഞ്ഞ കൃത്യതാ കൃഷിയുടെ പ്രധാന ഉദ്ദേശം കീടനാശിനി പ്രയോഗം കുറയ്ക്കുക എന്നുള്ളതാ യിരുന്നു. വെഞ്ചുറി ഉപയോഗിച്ച് കണികാ ജലസേചന ത്തോടൊപ്പം വളങ്ങളും ലായനിയാക്കി വേരു പടല ത്തിനടുത്ത് എത്തിക്കുകയും അതോടൊപ്പം ജലാംശം നഷ്ടപ്പെടാതിരിക്കാൻ പ്ലാസ്റ്റിക് പുതയിടുകയും ചെയ്യുക എന്നുള്ളതായിരുന്നു ഇവിടെ അനുവർത്തിച്ച പ്രധാന സാങ്കേതിക വിദ്യകൾ. പ്ലാസ്റ്റിക് പുതയിടൽ വഴി കളനശീകരണം ഒഴിവാക്കാം എന്നുള്ളതിനാൽ ചിലവു കുറക്കാൻ ഈ രീതിയിലൂടെ സാധിച്ചു. കീട നിയന്ത്രണത്തിന് ഫിറമോൺ ട്രാപ്പുകളും മഞ്ഞകെണികളും ഉപയോഗിക്കുകയുണ്ടായി. ഇതിനു പുറമേ വേപ്പെണ്ണ സ്പ്രേയും ചെയ്യുകയുണ്ടായി. 2015 ഫെബ്രുവരി 17ന് നടത്തിയ വിളവെടുപ്പുത്സവം കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റെജി ഇട്ടൂപ്പ് ഉദ്ഘാടനം ചെയ്തു.



തുറസായ സ്ഥലത്തെ കൃത്യതാ കൃഷിയിൽ പാവയ്ക്ക ഉത്പാദനം ഇരട്ടി



സി.എം.എഫ്.ആർ.ഐ വകുപ്പുതലവൻ ഡോ. ആർ. നാരായണകുമാർ കർഷക പ്രതിനിധികളുടെയും ഡോ. അശ്വതിയുടെയും സാന്നിധ്യത്തിൽ വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്യുന്നു

# സി.എം.എഫ്.ആർ.ഐ. യിൽ വിപണന കേന്ദ്രം ആരംഭിച്ചു

കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്ന കാർഷിക സാങ്കേതിക വിവരകേന്ദ്രത്തിന്റെയും കെ.വി.കെയുടെയും സംയുക്ത വിപണനകേന്ദ്രം കൊച്ചി ഹൈക്കോടതി ജംഗഷ്നു സമീപം ഗോശ്രീ റോഡിലുള്ള സി.എം.എഫ്.ആർ.ഐ. ആസ്ഥാന മന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചു. 2014 നവംബർ 10 ന് സി.എം.ആർ.എഫ്.ഐയിലെ വകുപ്പ് തലവൻ ഡോ. ആർ. നാരായണകുമാർ കേന്ദ്രം ഉദ്ഘാടനം ചെയ്തു. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ പത്ത് മുതൽ നാല് മണി വരെ ഈ വിപണനകേന്ദ്രം പ്രവർത്തിക്കുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും മറ്റ് ജൈവ സംയുക്തങ്ങളും വിതരണം ചെയ്യുക വഴി ജൈവകൃഷി/സുരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ വിപണന കേന്ദ്രം കൊണ്ട് ലക്ഷ്യമിടുന്നത്. തുടക്കത്തിൽ ഈ വിപണന കേന്ദ്രത്തിന്റെ ഉപഭോക്താക്കൾ കുടുംബകൃഷി അല്ലെങ്കിൽ പുരയിട കൃഷി ചെയ്യുന്ന കർഷകരാണ് എന്നുള്ളതു കൊണ്ട് മേൽപറഞ്ഞ ജൈവ വളങ്ങളും മറ്റും ചെറിയ പായ്ക്കറ്റുകളിലാണ് ലഭ്യമാക്കുന്നത്. പഞ്ചഗവ്യം, അമിനോപ്ലസ്, വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക്, ഓർഗാനോ എക്സൽ, നീം ഡി പെസ്റ്റ്, വെജിറ്റബിൾ ടോപ്പ് അപ്പ്, ബനാനാടോപ്പ് അപ്പ്, പഴക്കെണി, ഫിറമോൺ കെണി (പച്ചക്കറിക്കൾക്കുള്ളത്), ഫിറമോൺ കെണി (മാവിനുള്ളത്), പച്ചക്കറി വിത്തുകൾ, കരിമീൻ തീറ്റ തുടങ്ങിയവയ്ക്കു പുറമെ സി.എം.എഫ്.ആർ.ഐ.യുടെ വിവിധ പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും ഈ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്.

## കെ.വി.കെയുടെ അടുക്കളതോട്ടം കർമ്മസേന

അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ജൈവ/സുരക്ഷിത പച്ചക്കറിയുത്പാദനം ഉറപ്പാക്കുന്നതിനും വേണ്ടി കെ.വി.കെ ഒരു അടുക്കളത്തോട്ടം കർമ്മസേന രൂപികരിച്ചിട്ടുണ്ട്. ഈ കർമ്മസേന ഗുണമേന്മയുള്ള ഗ്രോബാഗുകളിൽ നിറച്ച പോട്ടിംഗ് മിശ്രിതവും പച്ചക്കറി തൈകളുമായി വന്ന് അടുക്കളത്തോട്ടം നിർമ്മിച്ച് നൽകുന്നതാണ്. അതോടൊപ്പം പച്ചക്കറി ജൈവരീതിയിൽ വളർത്തുന്നതിനാവശ്യമായ ദൈനംദിന പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നൂറുദിന ചാർട്ട് കൂടി വിതരണം ചെയ്യുന്നതാണ്. ഇതോടൊപ്പം ഗുണമേന്മയുള്ള ജൈവ ഉത്പന്നങ്ങളും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതാണ്. തുടക്കത്തിൽ കൊച്ചി നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും മാത്രമായിരിക്കും കെ.വി.കെയുടെ ഈ കർമ്മസേനയുടെ സേവനം ലഭ്യമാക്കുക. ഈ കർമ്മസേന വഴി അടുക്കളത്തോട്ടം തയ്യാറാക്കുന്നവർക്കായി കെ.വി.കെയിലെ വിദഗ്ധരുടെ സാങ്കേതിക പിന്തുണകൂടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ളവർ കെ.വി.കെ പ്രോഗ്രാം അസിസ്റ്റന്റ് ശ്രീമതി ദീപ്തി എൻ.വിയുമായി 9895523463 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

# കൃഷിയിടങ്ങളിൽ നിന്നുള്ള കണ്ടെത്തലുകൾ

പത്ത് മുതൽ മുപ്പത് വരെ ലവണാംശമുള്ള ജലാശയങ്ങളിൽ കടൽമത്സ്യമായ സിൽവർ പൊമ്പാനോ കൃഷി ചെയ്തതിൽ നിന്നും വളരെക്കുറഞ്ഞ അതിജീവന നിരക്കാണ് കാണാൻ കഴിഞ്ഞത്.

ജാതിയിലെ കായ് ചീയൽ നിയന്ത്രിക്കുന്നതിനായി നാല്പത് കിലോഗ്രാം ചാണകത്തിൽ നാല് കിലോഗ്രാം വേപ്പിൻപ്പിണ്ണാക്കും 500 ഗ്രാം ട്രൈക്കോഡർമയും ചേർത്ത് കൾച്ചർ ചെയ്തതിന് ശേഷം വർഷത്തിൽ രണ്ട് പ്രാവശ്യമായി ഇട്ട് കൊടുക്കുകയും അതോടൊപ്പം 20 ഗ്രാം സ്യൂഡോമോണോസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് മാസം തോറും ഇലകളിൽ തളിച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്.

ഗ്രോബാഗുകളും പുതുതായി ഇറങ്ങിയ ഫ്ളാറ്റ് പ്ലാന്റിംഗ് ബഡ്സുകളും തമ്മിൽ പ്രവർത്തനക്ഷമതയിൽ കാര്യമായ വ്യത്യാസങ്ങളില്ല. എന്നാൽ ഫ്ളാറ്റ് പ്ലാന്റിംഗ് ബഡ്സിന് ഗ്രോ ബാഗുകളേക്കാൾ വില കൂടുതലാണ്.

കാലുകൾ താഴ്ന്നു പോകാതെ നടക്കാൻ തക്കവണ്ണം ഉണങ്ങിയ പൊക്കാളിപ്പാടങ്ങളിൽ മിനി ടില്ലറുകൾ ഉപയോഗിച്ച് ഉഴവ് നടത്താവുന്നതാണ്. മിനി ടില്ലറിന് ഒരു ദിവസം ഒന്നരഏക്കർ പൊക്കാളിപ്പാടം ഉഴാൻ കഴിയുന്നതാണ്.

വാഴത്തടകളെ ബാധിക്കുന്ന മീലി ബഗുകളെ നിയന്ത്രിക്കുന്നതിനായി 20 ഗ്രാം വെർട്ടിസീലിയം ലെക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി നാല് ഡോസുകളായി തളിക്കേണ്ടതാണ്. വാഴ നട്ട് മൂന്ന് മാസം കഴിയുമ്പോൾ മുതലാണ് തളിച്ചു തുടങ്ങേണ്ടത്. ഇത്തരത്തിൽ ഓരോ മാസവും വെർട്ടിസീലിയം ലായനി തളിക്കേണ്ടതാണ്.

വാഴയിൽ അസോസ്പിറില്ലം ചാണകം വേപ്പിൻപിണ്ണാക്ക് എന്നിവ 1:20:2 എന്ന അനുപാതത്തിൽ 3, 60, 120 ദിവസങ്ങളിൽ (നട്ടതിന് ശേഷം) 75% രാസവള ശുപാർശയോടൊപ്പം പ്രയോഗിക്കുന്നത് 20 – 60 % വരെ ഉത്പാദനം വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. (75% രാസവള ശുപാർശ ഉറപ്പാക്കേണ്ടതാണ്.)

തുമ്പൂർമുഴി TM-1 എന്ന തീറ്റപ്പുല്ലിനം ഹെക്ടറിന് 170 ടൺ ഉത്പാദനമാണ് തരുന്നത്. എന്നാൽ CO3 എന്ന ഇനം ഒരു ഹെക്ടറിന് 245 ടൺ ഉത്പാദനം തരുന്നതാണ്. എന്നാൽ തുമ്പൂർമുഴി -1 ആട്, മുയൽ തുടങ്ങിയ ചെറിയ വളർത്തു മൃഗങ്ങൾക്ക് കൂടുതൽ അനുയോജ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

# കൃഷിയിടങ്ങളിൽ തെളിയിക്കപ്പെട്ട സാങ്കേതിക വിദ്യകൾ

പച്ചക്കറികളിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ പി.ജി.പി.ആർ. മിക്സ്-1 ഫലപ്രദമാണ്. ഇതുവഴി അനശ്വര എന്ന പയർ വിത്തിന്റെ ഉത്പാദനം അറുപത്തിരണ്ട് ശതമാനം വർദ്ധിച്ചതായി പ്രദർശന കൃഷിയിൽ തെളിഞ്ഞിട്ടുണ്ട്.

പച്ചക്കറികളിലെ കീടരോഗബാധ കുറയ്ക്കുന്നതിനായി കേരള കാർഷികസർവ്വകലാശാലയുടെ പി.ജി.പി.ആർ.മിക്സ്-2 ഫലപ്രദമാണ്.ഇതുവഴി അനശ്വര എന്ന കുറ്റിപയറിന്റെ കീടരോഗ ബാധ അഞ്ച് ശതമാനം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്.

സംയോജിത വിള പരിപാലനം വഴി നെല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. സംയോജിത വിള പരിപാലനത്തിൽ രണ്ട് തവണ വീതമുള്ള കുമ്മായ പ്രയോഗം, വേപ്പിൻപിണ്ണാക്ക് പ്രയോഗം, അസോസ്പിറില്ലം പ്രയോഗം എന്നിവയും പഞ്ചഗവ്യ, ഫിഷ് അമിനോ ആസിഡ്, ട്രൈക്കോഡർമ്മ സമ്പുഷ്ട മണ്ണിര കമ്പോസ്റ്റ്, സ്യൂഡോമോണസ്, ബിവേറിയ വെർട്ടിസീലിയം, വേപ്പെണ്ണ സ്പ്രേ എന്നിവയോടൊപ്പം ട്രൈക്കോ കാർഡുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഒറ്റഞാർ കൃഷി അഥവാ SRI എന്ന സാങ്കേതിക വിദ്യയിൽ 25 ശതമാനം മുതൽ 30 ശതമാനം വരെ അധിക ഉത്പാദനം ഉറപ്പാക്കുന്നതിനോടൊപ്പം കൃഷി ചെലവ് 8 ശതമാനം മുതൽ 10 ശതമാനം വരെ കുറയ്ക്കാൻ സാധിക്കുന്നതാണ്.

ഏതാണ്ട് 25 വർഷം വരെ പ്രായമായ കായ്ക്കാത്ത തെങ്ങുകൾ സംയോജിത വിളപരിപോഷണ കീടരോഗ നിയന്ത്രണ (IPDNM) രീതി ഉപയോഗിച്ച് പുനരുജ്ജീവിപ്പിക്കാവുന്നതാണ്. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മണ്ണ് പരിശോധനയിൽ അധിഷ്ടിതമായ രാസവള പ്രയോഗം, കുമ്മായം, ട്രൈക്കോഡർമ്മ സംപുഷ്ട ചാണകം, അഞ്ച് കിലോ വീതം വേപ്പിൻപ്പിണ്ണാക്ക്, ബോർഡോ മിശ്രിതം, സ്യൂഡോമോണസ് എന്നിവയുടെ പ്രയോഗം ഈ രീതിയിൽ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഒരു തെങ്ങ് പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു വർഷത്തേക്കുള്ള ചിലവ് അഞ്ഞൂറ് രൂപയാണ്.

കുമ്മായ പ്രയോഗം എല്ലാത്തരം വിളകളിലും അധിക ഉത്പാദനം നൽകുന്നതാണ്. ഒരു സെന്റിന് മൂന്നര കിലോയോളം കുമ്മായം പ്രയോഗിച്ചതിലൂടെ മാത്രം കപ്പയുടെ വിളവ് പതിനെട്ട് ശതമാനം വർദ്ധിക്കുന്നതായി കണ്ടു.

ജാതിയിലെ കായ് പൊഴിച്ചിലും കായ് ചീയലും തടയുന്നതിന് സംയോജിത രോഗകീട പോഷക പരിപാലനം (IPDNM) ഫലപ്രദമാണ്. ഈ രീതിയിൽ കായ് പിടുത്തം പന്ത്രണ്ട് ശതമാനം വർദ്ധിക്കുന്നതായും, കായ് ചീയൽ പതിനെട്ട് മുതൽ ഇരുപത്തഞ്ച് ശതമാനം വരെ കുറയുന്നതായും കണ്ടിട്ടുണ്ട്. അതോടൊപ്പം പാകമാകാത്ത കായും, ഇലകളും പൊഴിയുന്നത് കുറയുന്നതായും കണ്ടു. ട്രൈക്കോഡർമ സംപുഷ്ട ചാണകം, വേപ്പിൻപ്പിണ്ണാക്ക്, പൊട്ടാഷ്, ബോർഡോ മിശ്രിതം, കൊസൈഡ് എന്നിവയുടെ സമയാ സമയങ്ങളിലുള്ള പ്രയോഗമാണ് ഈ രീതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വെള്ളരി വർഗ്ഗ പച്ചക്കറികളിലെ കീടരോഗ നിയന്ത്രണത്തിന് ബിവേറിയ ബാസിയാനയുടേയും സ്യൂഡോമോണസിന്റെയും ഇടവിട്ടുള്ള പ്രയോഗം ഫലപ്രദമാണ്.

എറണാകുളം ജില്ലയിൽ ഞവര നെല്ല് ലാഭകരമായി കൃഷി ചെയ്യാവുന്നതാണ്. ഞവരയ്ക്ക് ഹെക്ടറിന് മൂന്നര ടൺ വിളവാണ് പ്രദർശനകൃഷിയിൽ ലഭിച്ചത്.

ആഴമേറിയ പാറമടകൾ മത്സ്യ കൃഷിക്കുപയുക്തമാക്കുന്നതിനുള്ള എളുപ്പവഴിയാണ് കൂടുമത്സ്യകൃഷി. തിലാപ്പിയ, പംഗേഷ്യസ്, കരിമീൻ തുടങ്ങിയവ ജില്ലയിലെ പാറമടകൾക്ക് അനുയോജ്യമായ ഇനങ്ങളാണ്.

കൃത്യതാകൃഷിയിലൂടെ പച്ചക്കറി വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. കൃത്യതാകൃഷി ചെയ്യുന്നതിന് ഒരേക്കറിന് 75000 രൂപ ചിലവ് വരും. എന്നാൽ ഈ രീതിയിൽ കൃഷി ചെയ്ത പാവൽ 85% അധിക ഉത്പാദനം തരുന്നതയാണ് പ്രദർശന കൃഷിയിൽ കണ്ടത്.

പരമ്പരാഗത പൊക്കാളി കൃഷിയോടൊപ്പം കരിമീൻ, തിരുത, കാളാഞ്ചി തുടങ്ങിയ മത്സ്യങ്ങൾ കൂടി വളർത്തി അധികവരുമാനം ഉറപ്പ് വരുത്താവുന്നതാണ്.

ശാസ്ത്രീയമായ രീതിയിൽ കുളങ്ങളിൽ കരിമീൻ വിത്തുല്പാദനം നടത്താവുന്നതാണ്. 50 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ചെറിയ കുളങ്ങളാണ് ഇത്തരം വിത്തുല്പാദനത്തിന് ഏറ്റവും അനുയോജ്യം. തള്ള കരിമീനുകളെ നിക്ഷേപിച്ച് 75-ാമത്തെ ദിവസം മുതൽ വിത്ത് ശേഖരണം തുടങ്ങാവുന്നതാണ്.

സവാള ഉള്ളിയുടെ അഗ്രിഫോണ്ട് ഡാർക്ക് റെഡ് എന്നയിനം എറണാകുളം ജില്ലയിലെ മണലിന്റെ അംശം കൂടുതലുള്ള മണ്ണിൽ കൃഷി ചെയ്യാവുന്നതാണ്

നേന്ത്രൻ വാഴയുടെ കുലയുടെ ഭാരവും വലുപ്പവും വർദ്ധിപ്പിക്കാൻ സൾഫേറ്റ് ഓഫ് പൊട്ടാഷി (SOP)ന്റെ പ്രയോഗം ഫലപ്രദമാണ്. മൂന്ന് ശതമാനം വീര്യമുള്ള (30 ഗ്രാം /ലിറ്റർ) SOP കുല വന്ന് 20 ദിവസത്തിനുശേഷം കുലകളിൽ തളിച്ചു കൊടുക്കേണ്ടതാണ്.

# വിദ്യാർത്ഥികൾക്കായുള്ള കാർഷിക പരിപാടികൾ

കെ.വി.കെ.യുടെ വിദ്യാർത്ഥികളേയും യുവജനങ്ങളേയും കൃഷിയിലേക്ക് ആകർഷിക്കാനുതകുന്ന പരിപാടികളുടെ ഭാഗമായി 2014 ഒക്ടോബർ 21ന് ഞാറക്കൽ ഗവ. ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്ധ്യാർത്ഥികൾക്കായി ഏകദിന മത്സ്യകൃഷി പരിശീലന പരിപാടി നടത്തുകയുണ്ടായി. വിദ്യാർത്ഥികൾ വിവിധ മത്സ്യകൃഷി പ്രോജക്ടുകളെ ക്കുറിച്ചും പുത്തൻ സാങ്കേതിക വിദ്യകളായ കൂടു മത്സ്യകൃഷി, ശാസ്ത്രീയ തിരുതകൃഷി, ശാസ്ത്രീയ കരിമീൻ വിത്തുല്പാദനം എന്നിവ യെക്കുറിച്ചും പരിശീലനം നേടി.



വിദ്യാർത്ഥികൾക്കായി മത്സ്യക്കൂട് നിർമ്മാണത്തിൽ പരിശീലനം




ശ്രീ. ശങ്കരാചാര്യ സർവ്വകലാശാലയിലെ
എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ കെ.വി.കെയിൽ

കാലടി ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാലയിലെ എം.എസ്.ഡബ്ല്യു. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ 2014 ഡിസംബർ 15ന് ഫീൽഡ് ഓറിയന്റേഷൻ പരിപാടിയുടെ ഭാഗമായി കെ.വി.കെ. സന്ദർശിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ കാർഷിക മേഖലയെക്കുറിച്ചും ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അവർക്ക് കെ.വി.കെ.യിലെ വിദഗ്ദ്ധർ ക്ലാസ്സുകളെടുത്തു.

ഞാറക്കൽ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി 2014 ഒക്ടോബർ 18 മുതൽ 24 വരെ നീണ്ടു നിന്ന ആറു ദിവസത്തെ ഓൺ ജോബ് വൊക്കേഷണൽ പരിശീലന പരിപാടി നടത്തുകയുണ്ടായി. മീൻ, ചെമ്മീൻ, കക്ക തുടങ്ങി യവയിൽ നിന്നും വ്യവസായികാടിസ്ഥാനത്തിൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനെ ക്കുറിച്ചുള്ള ഈ പരിശീലന പരിപാടിയിൽ വിവിധ യിനം മത്സ്യ അച്ചാറുകൾ, മീൻ പപ്പടം, ഫിഷ് ഫിംഗേഴ്സ്, കട്‌ലറ്റുകൾ, ബോളുകൾ, ഉണക്ക ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചട്നിപൊടി തുട ങ്ങിയവയുടെ നിർമ്മാണ സാങ്കേതിക വിദ്യകൾ പഠിപ്പിക്കുകയും ഉത്പന്നങ്ങളുടെ പാക്കിംഗ്, ലേബലിംഗ്, ബ്രാൻഡിംഗ് വിപണനം എന്നിവയെ ക്കുറിച്ച് ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.



മത്സ്യ വിഭവങ്ങളുടെ മൂല്യവർധന സാധ്യതകൾ:
വിദ്യാർത്ഥികൾക്കായി പരിശീലന പരിപാടി

# കെ.വി.കെ പങ്കെടുത്ത എക്സിബിഷനുകൾ



കേരള പൊതുമരാമത്ത് വകുപ്പു മന്ത്രി
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് കെ.വി.കെ സ്റ്റാളിൽ

2014 ഒക്ടോബർ 30 മുതൽ നവംബർ 3 വരെ കൊച്ചിയിലെ ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ വച്ച് നടന്ന ആറാമത് ഇന്ത്യ ഇന്റർനാഷണൽ ഫുഡ് ആന്റ് അഗ്രി -അക്വാ എക്സ്പോയിൽ കെ.വി.കെ പങ്കെടുക്കുകയുണ്ടായി. ഒക്ടോബർ 30 ന് കേരള പൊതുമരാമത്ത് വകുപ്പു മന്ത്രി ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞാണ് ഈ പരിപാടി ഉദ്ഘാടനം ചെയ്തത്. ഏകദേശം 1000 ത്തോളം കർഷകർ കെ.വി.കെ യുടെ സ്റ്റാൾ സന്ദർശിക്കുകയുണ്ടായി.




ഇന്ത്യ ഇന്റർനാഷണൽ ഫുഡ്-അക്വാ ഷോയിലെ കെ.വി.കെയുടെ സ്റ്റാൾ

2014 നവംബർ 4-6 തീയതികളിൽ അങ്കമാലിയിൽ വച്ച് നടന്ന ഗ്ലോബൽ അഗ്രോ മീറ്റിൽ കെ.വി.കെ പങ്കെടുത്തു. സംസ്ഥാന കൃഷി വകുപ്പും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും സംയുക്തമായി സംഘടിപ്പിച്ച ഈ എക്സ്പോ കേന്ദ്ര കൃഷി മന്ത്രി ശ്രീ. രാധാ മോഹൻ സിംഗ് ആണ് ഉദ്ഘാടനം ചെയ്തത്. കെ.വി.കെ യുടെ സ്റ്റാളിൽ പ്രധാനമായും സുരക്ഷിത കൃഷിക്കുപയോഗിക്കേണ്ടുന്ന വിവിധ സാങ്കേതിക വിദ്യാ ഉത്പന്നങ്ങളാണ് പ്രദർശിപ്പിച്ചത്. കേരളത്തിന്റെ പലഭാഗത്തുനിന്നുമായുള്ള ഏകദേശം ആയിരത്തി അഞ്ഞൂറോളം കർഷകരും വിജ്ഞാനവ്യാപന ഉദ്യോഗസ്ഥരും കെ.വി.കെ സ്റ്റാൾ സന്ദർശിക്കുകയുണ്ടായി.

2014 ഡിസംബർ 23 മുതൽ 2015 ജനുവരി 4 വരെ എറണാകുളം ജില്ലാ ഭരണകൂടവും ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി കലൂരിൽ വച്ച് നടത്തിയ വസന്തോത്സവം-2014




കെ.വി.കെയുടെ ഗ്ലോബൽ അഗ്രോ മീറ്റ് സ്റ്റാളിൽ
ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ

പരിപാടിയിൽ കെ.വി.കെ പങ്കെടുക്കുകയുണ്ടായി. കെ.വി.കെ യുടെ വിവിധ ഉത്പന്നങ്ങൾ, പ്രസിദ്ധീകരണങ്ങൾ പോസ്റ്ററുകൾ തുടങ്ങിയവ പ്രദർശിപ്പിച്ച ഈ സ്റ്റാൾ ഏകദേശം 2500 ഓളം കർഷകരും പൊതുജനങ്ങളും സന്ദർശിക്കുകയുണ്ടായി.

2014 ഡിസംബർ 29ന് പെരുമ്പാവൂരിൽ വച്ച് ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ എക്സ്ബിഷനിൽ കെ.വി.കെ. പങ്കെടുക്കുകയുണ്ടായി.

കോതമംഗലത്തിനടുത്ത് കീരംപാറ സെന്റ് സ്റ്റീഫൻ ഹയർ സെക്കൻഡറി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ കർഷകമേളയിൽ കെ.വി.കെ. പങ്കെടുക്കുകയുണ്ടായി. 2014 ഡിസംബർ 31ന് നടന്ന ഈ പരിപാടിയിൽ കെ.വി.കെയുടെ വിവിധ ഉത്പന്നങ്ങൾ കർഷകർക്കായി പ്രദർശിപ്പിക്കുകയുണ്ടായി.

# ആത്മ-കെ.വി.കെ. സംയുക്ത പരിപാടികൾ

2014 ഒക്ടോബർ 28നും 29നുമായി ആലുവയിൽ വച്ച് നടത്തിയ ആത്മ ടെക്നോളജി മീറ്റിൽ കെ.വി.കെ. പങ്കെടുക്കുകയുണ്ടായി. ഈ പരിപാടിയിൽ കെ.വി.കെ. യിലെ സാങ്കേതിക വിദഗ്ദ്ധർ വിവിധ വിഷയങ്ങളിൽ കർഷകർക്കായി ക്ലാസുകൾ എടുക്കുകയും കെ.വി.കെ.യുടെ വിവിധ ജൈവ ഉത്പന്നങ്ങളും സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കുകയുമുണ്ടായി. ടെക്നോളജി മീറ്റ് ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് ആണ് ഉദ്ഘാടനം ചെയ്തത്.



ആത്മ ടെക്നോളജി മീറ്റിലെ കെ.വി.കെ സ്റ്റാൾ

എറണാകുളം, തൃശൂർ ജില്ലകളിലെ ആത്മ ബ്ലോക്ക് ടെക്നോളജി മാനേജർമാർക്കായി 2014 നവംബർ 30ന് കെ.വി.കെ.യിൽ വച്ച് മത്സ്യകൃഷി- നൂതന പ്രവണതകളും സാധ്യതകളും എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. 26 പേർ ഈ പരിശീലനത്തിൽ പങ്കെടുത്തു. വിജ്ഞാന വ്യാപന രംഗത്ത് പ്രവർത്തിക്കുന്ന ആത്മ ഓഫീസർമാർക്ക് മത്സ്യകൃഷി മേഖലയിൽ പുത്തൻ അറിവുകൾ പകർന്ന് കൊടുക്കുക എന്നുള്ളതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.


ആത്മ ബ്ലോക്ക് മാനേജർമാർ കെ.വി.കെയിലെ പരിശീലനത്തിൽ

2015 ഫെബ്രുവരി 26-ാം തീയതി കുഴുപ്പിള്ളിയിൽ വച്ച് നടന്ന ആത്മ കിസാൻ ഗോഷ്ടി പ്രോഗ്രാമിൽ കെ.വി.കെ.യിലെ സാങ്കേതിക വിദഗ്ദ്ധർ പങ്കെടുക്കുകയും പൊക്കാളി പാടങ്ങളിലെ സംയോജിത നെൽ-ചെമ്മീൻ കൂടുമത്സ്യ കൃഷി. ജൈവ പച്ചക്കറി കൃഷി, വാഴ കൃഷി എന്നീ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കുകയും ചെയ്തു.

റിപ്പോർട്ട് കാലയളവിൽ കെ.വി.കെ. ആറ് ആത്മ പ്രതിമാസ സാങ്കേതിക ഉപദേശക യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

# കെ.വി.കെ.യുടെ സൂക്ഷ്മ മൂലക കൂട്ട് - വെജിറ്റബിൾ ടോപ്പ്പ്

തുടർച്ചയായ രണ്ടാം വർഷവും കെ.വി.കെ.യുടെ സൂക്ഷ്മ മൂലക കൂട്ടായ വെജിറ്റബിൾ ടോപ്പ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നതിനായി വിതരണം ചെയ്യുകയുണ്ടായി. വിവിധ ജില്ലകളിൽ നിന്നുമുള്ള മുൻവർഷ റിപ്പോർട്ടുകൾ പ്രകാരം വെജിറ്റബിൾ ടോപ്പ്പ് തളിച്ച് കൊടുക്കുന്നത് ഏതാണ്ട് 15 മുതൽ 20 ശതമാനം വരെ അധിക ഉത്പാദനം ഉറപ്പു വരുത്തുന്നതായി കണ്ടു.

# സ്പോൺസേർഡ് പരിശീലന പരിപാടികൾ

## സ്ഥാപനങ്ങൾക്ക് ഗ്രൂപ്പുകളെ സ്പോൺസർ ചെയ്യാവുന്നതാണ്

### മത്സ്യകൃഷി ടെക്നീഷ്യൻ കോഴ്സ്

വളരെയേറെ സംരംഭകത്വ സാദ്ധ്യതകളുള്ള ഒരു മേഖലയാണ് മത്സ്യകൃഷി. എന്നാൽ സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളും സാങ്കേതിക വിദഗ്ദ്ധരും ഈ മേഖലയിൽ കുറവാണ് എന്നുള്ളത് ശാസ്ത്രീയ മത്സ്യകൃഷിയുടെ പ്രചാരത്തിന് തടസമായി നിൽക്കുന്നു. ഈ മേഖലയിൽ സാങ്കേതികമായി പരിജ്ഞാനമുള്ള വിദഗ്ദ്ധരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി എറണാകുളം കെ.വി.കെ. മത്സ്യകൃഷി ടെക്നീഷ്യൻ കോഴ്സ് തുടങ്ങിയിരിക്കുന്നു. യുവാക്കൾക്കും ഫിഷറീസ് മത്സ്യമേഖലകളിൽ പ്രവൃത്തി പരിചയം ഉള്ളവർക്കും മുൻഗണന നൽകുന്നതാണ്. ഈ നാലു ദിവസം നീണ്ടു നില്ക്കുന്ന പ്രാരംഭ കോഴ്സിന് പത്ത് പേരടങ്ങുന്ന ഒരു ബാച്ചിന് മുപ്പതിനായിരം രൂപയാണ് ഫീസ്. പരിശീലന മാനുവൽ കിറ്റ്, ഭക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് മത്സ്യകൃഷി മേഖലയിൽ കൺസൾട്ടൻസി സർവീസുകൾ തുടങ്ങുവാനുള്ള സൗകര്യം കെ.വി.കെ. ഒരുക്കുന്നതാണ്. ഇത്തരത്തിൽ കൺസൾട്ടൻസി സർവീസും മറ്റും ചെയ്യുന്ന ആളുകൾക്ക് കെ.വി.കെ.യുടെ തുടർന്നുള്ള സാങ്കേതിക സഹായം നൽകുന്നതുമാണ്.

### കരഭൂമിയിൽ ഉപയോഗിക്കുന്ന കാർഷിക യന്ത്രങ്ങളിൽ പരിശീലനം

കാർഷികരംഗത്ത് തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് യന്ത്രവൽക്കരണമാണ് ഏക പോംവഴി. യന്ത്രവൽകൃത കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കരഭൂമികളിൽ ഉപയോഗിക്കാവുന്ന മിനി ടില്ലർ, ബ്രഷ് കട്ടർ, എർത്ത് ഓഗർ, മിസ്റ്റ് ബ്ലോവർ, പവർ ഡസ്റ്റർ, വിവിധതരം സ്പ്രേയറുകൾ എന്നിവയുടെ ഉപയോഗവും റിപ്പയറും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടി കെ.വി.കെ.യിൽ ലഭ്യമാണ്. കൃഷിയിടങ്ങളിൽ തന്നെ വച്ചുള്ള നാലു ദിവസത്തെ പരിശീലന പരിപാടിക്ക് പത്ത് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഇരുപതിനായിരം രൂപയാണ് ഫീസ്. സ്പോൺസർ ചെയ്യുന്ന സ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് എറണാകുളം ജില്ലയിൽ എവിടെ വേണമെങ്കിലും പരിശീലനം സംഘടിപ്പിക്കാവുന്നതാണ്.

### മഴമറ നിർമ്മാണ കോഴ്സ്

കേരളത്തിൽ മഴക്കാലത്ത് പച്ചക്കറി വളർത്തുന്നത് ബുദ്ധിമുട്ടാണ്. കോരിച്ചൊരിയുന്ന മഴയത്ത് ചെടികളുടെ വളർച്ച മുരടിക്കുന്നതും കായ്പിടിത്തം കുറയുന്നതുമാണ് ഇതിന് കാരണം. എന്നാൽ മഴമറയിൽ കൃഷി ചെയ്താൽ കേരളത്തെ സംബന്ധിച്ച് എല്ലാ കാലാവസ്ഥകളിലും പച്ചക്കറി ഉൽപാദനം നടത്താവുന്നതാണ്. ചെടികളെ സൂര്യപ്രകാശം ആവശ്യാനുസരണം കടത്തിവിടുന്ന മേൽക്കൂരയുള്ള ഷെഡുകളിൽ വളർത്തുന്ന രീതിയാണ് മഴമറകൃഷി. കേരള ഗവൺമെന്റ് കഴിഞ്ഞ വർഷം മുതൽ മഴമറകൃഷിക്ക് സബ്സിഡിയും നൽകി തുടങ്ങിയിട്ടുണ്ട്. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം നടത്തിയ പഠനങ്ങളിൽ മഴമറകൃഷി ഫലപ്രദമാണെന്നും മഴമറയിൽ കൃഷി ചെയ്താൽ കൂടുതൽ ഉത്പാദനം ഉണ്ടാവുമെന്നും കണ്ടെത്തിയിട്ടുണ്ട്. ഇത്തരം മഴമറകൾ ടെറസുകളിലും തുറസായ കൃഷിയിടങ്ങളിലും ചെയ്യാവുന്നതുമാണ്. മൂന്നു ദിവസം നീണ്ടു നില്ക്കുന്ന ഈ കോഴ്സിൽ മഴമറകൾ രൂപകൽപന ചെയ്യേണ്ടത് എങ്ങിനെയെന്നും അവയുടെ നിർമ്മാണം എങ്ങിനെയെന്നും പഠിപ്പിക്കുന്നതിനോടൊപ്പം മഴമറയിൽ എങ്ങിനെ ജൈവ കൃഷി ചെയ്യാം എന്നതുകൂടി പരിശീലിപ്പിക്കുന്നതാണ്. പത്ത് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 20000 രൂപയാണ് ഫീസ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കെ.വി.കെ.യുടെ തുടർ സാങ്കേതിക സഹായവും നൽകുന്നതാണ്.

## വ്യക്തിഗത നേട്ടങ്ങൾ

കെ.വി.കെ.യിലെ മത്സ്യകൃഷി സാങ്കേതിക വിദഗ്ധൻ ഡോ. വികാസ് പി.എ. 2015 ജനുവരി 26 മുതൽ 28 വരെ ഇറ്റലിയിലെ റോമിൽ ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ (FAO) നടത്തിയ ആഗോള ഉൾനാടൻ മത്സ്യകൃഷി കോൺഫറൻസിൽ പങ്കെടുക്കുകയും പാറമടകളിലെ കൂടുമത്സ്യകൃഷിയെ കുറിച്ച് പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് മേൽപറഞ്ഞ കോൺഫറൻസിൽ പങ്കെടുക്കുന്നതിനുള്ള ഫെലോഷിപ്പ് ലഭിച്ചത് ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്നാണ്.



ഡോ. വികാസ് പി.എ കോൺഫറൻസ് സംഘാടകനും വാഷിംഗ്ടൺ യൂണിവേഴ്സിറ്റി പ്രൊഫസറുമായ ഡോ.എഡ്വാർഡ് അല്ലിസണൊപ്പം

## വിവിധ പരിപാടികളിൽ കെ.വി.കെ.യുടെ പങ്കാളിത്തം

- ദീപ്തി എൻ.വി. തൃശൂർ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിൽ വച്ച് രണ്ടായിരത്തി പതിനാല് ഒക്ടോബർ 14 മുതൽ 18 വരെ നടന്ന ജൈവ സർട്ടിഫിക്കേഷൻ കോഴ്സിൽ പങ്കെടുത്തു.

- ഡോ. ഷിനോജ് സുബ്രമണ്യൻ, ചെന്നൈയിൽ ദേശീയ ഓരുജല മത്സ്യകൃഷി ഗവേഷണ സ്ഥാപനം (CIBA) ത്തിൽ വച്ച് 2014 ഒക്ടോബർ 25 ന് ദേശീയ കാർഷിക ഗവേഷണ കൗൺസിലും ഹിന്ദു ദിനപത്രവും സംയുക്തമായി യുവാക്കളിൽ കൃഷിയെകുറിച്ച് താല്പര്യവും അവബോധവും സൃഷ്ടിക്കുക എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ പങ്കെടുത്തു.

- ശ്രീലത. പി. കർണ്ണാടകയിലെ ധാർവാർഡ് കാർഷിക സർവ്വകലാശാലയിൽ വച്ച് 2014 ഒക്ടോബർ 28 മുതൽ 30 വരെ നടന്ന ഗാർഹിക ശാസ്ത്ര സാങ്കേതിക വിദ്യാ ശില്പശാലയിൽ പങ്കെടുത്തു.

- ഡോ. വികാസ് പി.എ, കൊച്ചിയിൽ വച്ച് 2014 നവംബർ 7 മുതൽ 8 വരെ നടന്ന ജൈവകൃഷി ജൈവഗ്രാമം-ജൈവ വിപണിയെക്കുറിച്ച് ജൈവ കൃഷി അന്തർദേശീയ കോംപിറ്റൻസ് സെന്റർ സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തു.

- പുഷ്പരാജ് ആഞ്ചലോ, മൈസൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് 2014 ഡിസംബർ 5 മുതൽ 10 വരെ കർഷകരിൽ കെ.വി.കെ യുടെ സ്വാധീനം വിലയിരുത്തൽ എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുത്തു.

- ഡോ. പി.എ. വികാസ്, ചെന്നൈ ദേശീയ ഓരുജല മത്സ്യകൃഷി ഗവേഷണ സ്ഥാപനത്തിൽ (CIBA) വച്ച് 2014 ഡിസംബർ 12ന് നടത്തിയ കർഷക-ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു.

- ഡോ. ഷിനോജ് സുബ്രമണ്യൻ, ദേശീയ കാർഷിക ഗവേഷണ കൗൺസിൽ ദില്ലയിൽ വച്ച് 2014 ഡിസംബർ 29ന് രാജ്യത്തെ കെ.വി.കെ.കളുടെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനായി രൂപീകരിച്ച ഉന്നത തല നിർവ്വാഹണ സമിതി യോഗത്തിൽ പങ്കെടുത്തു.

- ദീപ്തി എൻ.വി., മധുരയിൽ വച്ച് നടത്തിയ സീറോ ബഡ്ജറ്റ് കൃഷിയെക്കുറിച്ചുള്ള നാല് ദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

- ഡോ. ഷിനോജ് സുബ്രമണ്യൻ, ഹൈദ്രാബാദിലെ ദേശീയ കാർഷിക ഗവേഷണ നിർവ്വഹണ പീഠത്തിൽ (NAARM) വച്ച് 2015 മാർച്ച് 11, 12 തീയതികളിലായി നടന്ന യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ദേശവ്യാപകമായി നടപ്പാക്കാനുദ്ദേശിക്കുന്ന ആര്യ (ARYA) പ്രോജക്ടിനെ കുറിച്ചുള്ള ആലോചനായോഗത്തിൽ പങ്കെടുത്തു.

- പുഷ്പരാജ് ആഞ്ചലോ, ഗോവ യൂണിവേഴ്സിറ്റിയും ഗോവ ഗവൺമെന്റും സംയുക്തമായി 2015 ഫെബ്രുവരി 5-8 വരെ ഗോവയിൽ വച്ച് നടത്തിയ നാലാമത് ഭാരതീയ വിജ്ഞാൻ സമ്മേളനത്തിൽ പങ്കെടുത്ത് എറണാകുളം ജില്ലയിലെ കർഷക കണ്ടുപിടുത്തങ്ങളെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി.

## പ്രസിദ്ധീകരണങ്ങൾ

- ഷിനോജ് സുബ്രമണ്യൻ, ജോൺ ബോസ്, പി.യു. സക്കറിയ, ജി. സൈദാറാവു, എ. ഗോപാലകൃഷ്ണൻ. 2014. കൃഷിയിട വിപണി-ഗുണമേന്മയുള്ള മത്സ്യ വിപണനത്തിന് ഒരു നൂതന മാർഗ്ഗം. ഇന്റർനാണൽ കോൺഫറൻസ് ജൈവ ജീവിതം ജൈവഗ്രാമം വിപണി, എറണാകുളം നവംബർ 7-8, 2014.

- വികാസ് പി.എ., ഷിനോജ് സുബ്രമണ്യൻ. 2014. കേരളത്തിലെ തിരുത കൃഷിയിലെ മൂല്യ ശൃംഖല: സാദ്ധ്യതകളും പ്രശ്നങ്ങളും, MECOS2- മറൈൻ എക്കോ സിസ്റ്റംസ് ചലഞ്ചസ് ആന്റ് ഓപ്പർച്ച്യൂനിറ്റീസ്, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യ MBAI, ഡിസംബർ 2-5.

- വികാസ് പി.എ. & ഷിനോജ് സുബ്രഹ്മണ്യൻ. 2015. ഉൾനാടൻ മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പാറമടകളിലെ നൂതന മത്സ്യകൃഷി-തെക്കേ ഇൻഡ്യയിൽ നിന്നുള്ള ഒരു പഠനം, ഉൾനാടൻ മത്സ്യ മേഖലയെക്കുറിച്ചുള്ള അന്തർദേശീയ കോൺഫറൻസ്, ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ (FAO) റോം; ഇറ്റലി, ജനുവരി 26-28.

- വികാസ് പി.എ. & ഷിനോജ് സുബ്രമണ്യൻ. 2015. ഉത്തരവാദിത്വപരമായ ഓരുജല മത്സ്യ വിത്ത് സംഭരണവും വിതരണവും – ഒരു പ്രാദേശിക രീതി. ഭാരതീയ വിഗ്യാൻ സമ്മേളനം, ഗോവ ഫെബ്രുവരി 2-8.

- വികാസ് പി.എ. & ഷിനോജ് സുബ്രമണ്യൻ. 2015. ജൈവ ഹോർമോൺ – അമിനോപ്ലസ്, കർഷകശ്രീ വാല്യം 21 (2).

- പുഷ്പരാജ് ആഞ്ചലോ എഫ് & ഷിനോജ് സുബ്രമണ്യൻ. 2015. എറണാകുളം ജില്ലയിലെ കർഷകശാസ്ത്രജ്ഞരെ കണ്ടെത്തലും വിവരങ്ങൾ രേഖപ്പെടുത്തലും ഭാരതീയ വിഗ്യാൻ സമ്മേളനം (BVS) ഗോവ ഫെബ്രുവരി 5-8.

## ബുക്കുകൾ

1. ഷിനോജ് സുബ്രമണ്യൻ, ഷോജി ജോയ് എഡിസൺ & പി. സുരേഷ്കുമാർ. 2015. **കാർഷിക പരിശീലനസഹായി** കൃഷിവിജ്ഞാന കേന്ദ്രം സി.എം.എഫ്.ആർ.ഐ.
2. ഷോജി ജോയ് എഡിസൺ & ഷിനോജ് സുബ്രമണ്യൻ. 2015. **വീട്ടുവളപ്പിലെ പച്ചക്കറി കൃഷി.** കൃഷി വിജ്ഞാനകേന്ദ്രം സി.എം.എഫ്.ആർ.ഐ.
3. ഷോജി ജോയ് എഡിസൺ & ഷിനോജ് സുബ്രമണ്യൻ. 2015. **വിളകളുടെ രോഗകീടനിയന്ത്രണ സഹായി**, കൃഷി വിജ്ഞാനകേന്ദ്രം, സി.എം.എഫ്. ആർ.ഐ.

## കെ.വി.കെ ഉത്പന്നങ്ങൾ – വില വിവര പട്ടിക

| | | |
|---|---|---|
| അമിനോപ്ലസ് | 200 മില്ലി | ₹ 40 |
| | 1 ലിറ്റർ | ₹ 180 |
| ഓർഗാനോ എക്സൽ | 1 കി. ഗ്രാം | ₹ 60 |
| പഞ്ചഗവ്യം | 200 മില്ലി | ₹ 40 |
| | 1 ലിറ്റർ | ₹ 180 |
| നീം-ഡി-പെസ്റ്റ് | 250 ഗ്രാം | ₹ 60 |
| | 500 ഗ്രാം | ₹ 110 |
| വേപ്പെണ്ണ | 100 മില്ലി | ₹ 30 |
| | 1 ലിറ്റർ | ₹ 220 |
| | 25ലിറ്റർ | ₹ 5000 |
| വേപ്പിൻ പിണ്ണാക്ക് | 1 കി. ഗ്രാം | ₹ 30 |
| പുകയില കഷായം കിറ്റ് | ഒന്നിന് | ₹ 40 |
| പഴക്കെണി | ഒന്നിന് | ₹ 30 |
| ഫിറമോൺ കെണി (പച്ചക്കറികൾക്ക്) | ഒന്നിന് | ₹ 140 |
| ഫിറമോൺ കെണി (മാവിന്) | ഒന്നിന് | ₹ 140 |
| വെജിറ്റബിൾ ടോപ്പപ്പ് | 500 ഗ്രാം | ₹ 75 |
| ബനാന ടോപ്പപ്പ് | 500 ഗ്രാം | ₹ 75 |
| പച്ചക്കറി വിത്തുകൾ | | ₹ 10/- മുതൽ 25/- വരെ |
| പേൾ പ്ലസ് തീറ്റ PS 1/ PS 2/ PS 3 | 1 കി. ഗ്രാം | ₹ 95 |
| പേൾ പ്ലസ് തീറ്റ PS 4/ PS 5 | 1 കി. ഗ്രാം | ₹ 85 |

വില മാറ്റത്തിന് വിധേയമാണ്*

# സി.എം.എഫ്.ആർ.ഐ വാർത്തകൾ

## ചെമ്പല്ലി മീൻ വിളവെടുപ്പ്

കോഴിക്കോടിനടുത്ത് അത്തോളിയിൽ നടത്തിവന്ന പ്രദർശന ചെമ്പല്ലി കൃഷിയുടെ വിളവെടുപ്പ് നടന്നു. സി.എം.എഫ്.ആർ.ഐ യുടെ കോഴിക്കോട് കേന്ദ്രം നടത്തിയ പ്രദർശന കൃഷിയിൽ 100 ശതമാനം അതിജീവന തോത് ലഭിക്കുകയും ഏഴ് മാസത്തെ കൃഷിയിൽ മത്സ്യങ്ങൾ 1 കി.ഗ്രാം വരെ തൂക്കം ആർജിച്ചതായും കണ്ടു. 5 സെന്റിൽ നിന്നും 245 കി.ഗ്രാം വിളവ് ലഭിച്ച കൃഷിയിൽ കി.ഗ്രാമിന് 400 രൂപ നിരക്കിൽ വിപണനം നടത്താൻ കഴിഞ്ഞു. ചെറുകിട മത്സ്യ കർഷകർക്ക് അനുയോജ്യമായ കൃഷിരീതിയാണിത്.

## ജലോപരിതലത്തിലെ പരീക്ഷണ ശാലയ്ക്ക് തുടക്കം

സി.എം.എഫ്.ആർ.ഐ യുടെ കാർവാർ ഗവേഷണ കേന്ദ്രത്തിൽ സമുദ്ര ജലത്തിൽ പൊങ്ങിക്കിടക്കുന്ന പരീക്ഷണ ശാല തുടങ്ങി. കേന്ദ്രത്തിലെ കടൽ കൂട് മത്സ്യ കൃഷിയിടത്തിലെ വിവിധ പരീക്ഷണങ്ങൾക്കായാണ് ഇത്തരത്തിലുള്ള പരീക്ഷണ ശാല തുടങ്ങിയത്

## അഷ്ടമുടിക്കായലിലെ കക്ക കൃഷിക്ക് MSC സാക്ഷ്യ പത്രം

സി.എം.എഫ്.ആർ.ഐ, WWF, സംസ്ഥാന സർക്കാർ, പഞ്ചായത്ത് എന്നിവയുടെ സംയുക്ത ശ്രമഫലമായി അഷ്ടമുടിക്കായലിലെ കക്ക കൃഷിക്ക് മറൈൻ സ്റ്റുവാർഡ്ഷിപ് കൗൺസിലിന്റെ (MSC) ഭാരതത്തിലെ തന്നെ ആദ്യ സാക്ഷ്യ പത്രം ലഭിച്ചു. ഏഷ്യയിലെ തന്നെ മൂന്നാമത്തെ ഇത്തരത്തിലുള്ള സാക്ഷ്യ പത്രമാണിത്. പ്രകൃതി സംരക്ഷണത്തിലൂന്നിയതും സ്ഥായിയായതുമായ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാൻ ഈ സാക്ഷ്യ പത്രം ഉതകുന്നതാണ്.



കല്ലികക്ക വിളവുമായി കർഷകൻ




എം എസ് സി സാക്ഷ്യപത്ര ചടങ്ങിൽ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ സംസാരിക്കുന്നു

## ബഹുമാനപ്പെട്ട കേന്ദ്രകൃഷി മന്ത്രി സി.എം. എഫ്.ആർ.എ സന്ദർശിച്ചു

ബഹു: കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശ്രീ. രാധാ മോഹനൻ സിംഗ് 2014 നവംബർ 6 ന് സി.എം.എഫ്. ആർ.ഐ സന്ദർശിക്കുകയുണ്ടായി. സംസ്ഥാനത്തെ കൃഷി അനുബന്ധ മേഖലകളിലുള്ള ഗവേഷണ സ്ഥാപന മേധാവികളുടെ മുഖാന്തരം പരിപാടി യിൽ പങ്കെടുക്കുവാനാണ് അദ്ദേഹം എത്തിയത്. കർഷകർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങൾ ഊന്നൽ നൽകണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. വിളവെടുപ്പിന് ശേഷം കേടുപാടുകൾ മൂലമുണ്ടാകുന്ന നഷ്ടം പരമാവധി കുറയ്ക്കാനുതകുന്ന സാങ്കേതിക വിദ്യകൾ ശാസ്ത്രലോകത്തിന്റെ ഭാഗത്തുനിന്നും പുറത്തു വരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. പരിസ്ഥി സൗഹൃദ




ബഹു. കേന്ദ്ര കൃഷിമന്ത്രി
സി.എം.എഫ്.ആർ.ഐ യിലെ യോഗത്തിൽ

സാങ്കേതിക വിദ്യകളായ ജല-സൗരോർജ സംരക്ഷണ വിദ്യകൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

## സംയോജിത-പരസ്പര പൂരക മത്സ്യകൃഷി വിജയകരം

വ്യത്യസ്ഥ ഭക്ഷണ ശീലങ്ങളുള്ള ജലജീവികളെ ഒരുമിച്ച് വളർത്തുക വഴി അവശിഷ്ടങ്ങൾ കുറച്ച് കുറഞ്ഞസ്ഥലത്തു നിന്ന് കൂടുതൽ ഉത്പാദനം സാധ്യമാകുകയാണ് സംയോജിത പരസ്പര പൂരക മത്സ്യകൃഷി (Intergrated Multi - Trophic Aqua Culture) യിൽ ചെയ്യുന്നത്. ഇത്തരത്തിലുള്ള ഒരു കൃഷി രീതി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ തമിഴ്നാട്ടിലെ മുനെക്കാട് നടത്തുകയുണ്ടായി. കടലിൽ പ്രത്യേകം തയ്യാറാക്കിയ കൂടുകളിലാണ് കോബിയ മത്സ്യത്തോടൊപ്പം കടൽ പായൽ കൃഷിയും ചെയ്തത്. 4.5 മീ x 4.5 മീ x 3.5മീ വലുപ്പമുള്ള കൂടുകളിൽ 100 മത്സ്യകുഞ്ഞുങ്ങളെ വീതമാണ് നിക്ഷേപിച്ചത്. ഇത്തരത്തിലുള്ള മൂന്ന് കൂടുകളിൽ നിന്നായി 652 കി.ഗ്രാം മത്സ്യവും 2700 കി.ഗ്രാം കടൽ പായലും വിളവെടുക്കാനായി. 1.8 കി.ഗ്രാം മുതൽ 4.2 കി.ഗ്രാം വരെ ഭാരമുള്ള കോബിയ മത്സ്യങ്ങളെയാണ് ലഭിച്ചത്.




റോയൽ സൊസൈറ്റി ഫെല്ലോ
പ്രൊഫ. (ഡോ.) ട്രവർ പ്ലാറ്റ് MECOS 2 ഉദ്ഘാടനം ചെയ്യുന്നു

## സമുദ്ര ആവാസ വ്യവസ്ഥ: സാധ്യതകളും വെല്ലുവിളികളും – അന്താരാഷ്ട്ര സിമ്പോസിയം

മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും സി.എം.എഫ്.ആർ.എ യുടെയും സംയുക്താഭിമുഖ്യത്തിൽ സമുദ്ര ആവാസ വ്യവസ്ഥ: സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ കൊച്ചിയിൽ വച്ച് 2014 ഡിസംബർ 2 മുതൽ 5 വരെ അന്താരാഷ്ട്ര സിമ്പോസിയം നടത്തുകയുണ്ടായി. ബ്രിട്ടനിൽ നിന്നുള്ള പ്രശസ്ത സമുദ്ര ശാസ്ത്രജ്ഞൻ ട്രവർ പ്ലാറ്റ് ഉദ്ഘാടനം ചെയ്ത സിമ്പോസിയത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞന്മാരും അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളും പങ്കെടുത്തു.

# വാർത്തകളിൽ കെ.വി.കെ


വിഷംതീനികൾ ആവാതിരിക്കാം
കർഷകർക്ക് സംശയങ്ങളുണ്ടോ...?
തീർക്കാൻ വിദഗ്ധരെത്തും
മലയാള മനോരമ
ഞവര നെൽകൃഷിയുടെ വിളവെടുപ്പ് ഉൽസവമേളം
മാധ്യമം
കരിമീൻ കുഞ്ഞുങ്ങൾ കർഷകർക്കിനി 'വീട്ടുകാര്യം'
നാട്ടുവർത്തമാനം
പാവലിന് കൃത്യതാ കൃഷിരീതി
-കാണാം, പഠിക്കാം
ചെടികളുടെ വളർച്ചയ്ക്ക്
ചാളയിൽ നിന്ന് ജൈവ ഹോർമോൺ
മാതൃഭൂമി
നഗരത്തിൽ സവാളയും വിളയും
മത്സ്യക്കൃഷിയിൽ സംരംഭകത്വ പരിപാടി തുടങ്ങി
കരിമീനുകൾക്കുള്ള സമ്പൂർണ തീറ്റയുമായി കൃഷിവിജ്ഞാൻ കേന്ദ്ര



പച്ചക്കറി വിളകളുടെ ഉത്പാദനം കൂട്ടാൻ കാർഷിക സർവ്വകലാശാലയുടെ പി.ജി.പി.ആർ മിശ്രിതങ്ങൾ ഗുണകരമാണ്
എ.പി. വർക്കി, മഞ്ഞപ്ര, എറണാകുളം



നേരിൽ കാണുന്നതാണ് കൂടുതൽ വിശ്വാസ യോഗ്യം:
കെ.വി.കെ സാങ്കേതിക വിദഗ്ദൻ കൃഷിയിടത്തിൽ ക്ലാസെടുക്കുന്നു.



ഗുണമേന്മയുടെ വിത്തുകളുടെ വൻതോതിലുള്ള ഉത്പാദനത്തിന്
കെ.വി.കെ യുടെ ഉപഗ്രഹവിത്തുൽപാദന കേന്ദ്രങ്ങൾ



കെ.വി.കെ ഉൽപന്നങ്ങളുടെ വിപണനം.


**ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**

**ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*

ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം - 682 505

ഫോൺ : 0484 2492450 ഇ-മെയിൽ : kvkernakulam@cmfri.org.in വെബ്സൈറ്റ് : www.kvkernakulam.org.in